# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.653 — 29/10/2019-ൽ മറുപടിക്ക്

### ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസം

| | ചോദ്യം<br><br>**ശ്രീ.സി.കൃഷ്ണൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ക്ക് മുൻകൂറായി പണം അടച്ചാലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു ചില സ്ഥലങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ കാരണവും, റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബാക്കിയുള്ളതിനാലും, ചില സ്ഥലങ്ങളിൽ സാധന സാമഗ്രികളുടെ അഭാവം മൂലവും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾമാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്നു പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | | |
| (സി) | സമയബന്ധിതമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റാത്തത് കാരണം പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ - കക്കറ - കടുക്കാരം റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിന് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ – കക്കറ – കടുക്കാരം റോഡുകളുടെ നവീകരണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ രണ്ട് ആഴ്ചകൾക്കകം പൂർത്തീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ